**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 604** — **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധിയും പൊതു മേഖലാ സ്ഥാപനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാന സർക്കാരിന് സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കായുള്ള ധന-സഹായം ഗഡുക്കളായി നൽകുകയും നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തിക്കൊണ്ട് ബാക്കി ധനസഹായം നൽകുകയും ചെയ്തുവരുന്നു. സമയബന്ധി-തമായി പദ്ധതി നിർവഹണത്തിന് തുക ലഭ്യമാകാത്തത് പദ്ധതികളുടെ നിർവഹണത്തിൽ കാലതാമസം നേരിടുന്നതിനും പദ്ധതികളുടെ പൂർത്തീകരണ ചെലവ് വർദ്ധിക്കുന്നതിനും കാരണമാകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി അനുവദിച്ച് വരുന്നു |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയോ ലേ ഓഫ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ടെക്സ്റ്റൈൽ മേഖലയിൽ ആഗോള തലത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നീ യൂണിറ്റുകൾ നിലവിൽ ലേ-ഓഫ് ആണ്. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിലുള്ള കുടിശ്ശികകൾ അധികരിച്ച് തുടർ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ സാധിക്കാതെയും, സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഉൾപ്പെടെയുള്ള ബാധ്യതകൾ വർദ്ധിക്കുകയും വൈദ്യുതി കുടിശിക തീർപ്പാക്കാൻ സാധിക്കാതെ വൈദ്യുതി ബന്ധം |

| | | | |
|---|---|---|---|
| | | | വിച്ഛേദിക്കുന്ന അവസ്ഥയിലുമാണ് ഈ സ്ഥാപനങ്ങൾ ലേ ഓഫ് ആയിട്ടുള്ളത്. |
| (സി) | സാമ്പത്തിക പ്രതിസന്ധിമൂലം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ശമ്പളം മുടങ്ങിയിട്ടുള്ളതെന്നും ഏതെങ്കിലും സ്ഥാപനങ്ങളിൽ ജീവനക്കാരെ പിരിച്ചു വിടേണ്ടതായ സാഹചര്യങ്ങളുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക പ്രതിസന്ധിമൂലം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് (മാൽകോടെക്സ്), കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നിവിടങ്ങളിൽ ശമ്പളം മുടങ്ങുന്ന സാഹചര്യം സംജാതമായിട്ടുണ്ട്.<br><br>സാമ്പത്തിക പ്രതിസന്ധിമൂലം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരെ പിരിച്ചു വിടുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ റിവോൾവിംഗ് ഫണ്ട് പോലുള്ള ബഡ്ജറ്റ് ഇതര സഹായം കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന-തിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. റിവോൾവിംഗ് ഫണ്ട് എന്ന ആശയത്തിലൂടെ മതിയായ ഓർഡറുകൾ ഉണ്ടായിട്ടും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന സ്ഥാപന-ങ്ങൾക്ക് കൂടുതൽ പ്രവർത്തന മികവ് കൈവരിക്കാനാകും. |

സെക്ഷൻ ഓഫീസർ